(ബി&സി) സബ്സിഡി തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇപ്പോഴത്തെ സബ്സിഡി തുക താഴെക്കൊടുക്കുന്നു.

പൊതുവിഭാഗം	75000 രൂപ
പട്ടികജാതി	100000 "
പട്ടികവർഗ്ഗം	125000 "

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർഅംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം 1,00,000 രൂപ ആശ്രയകുടുംബം 1,25,000 രൂപ സബ്സിഡി തുക കൊണ്ടുമാത്രം വീടുപണി പൂർത്തിയാക്കുക എന്നതല്ല സർക്കാർ ലക്ഷ്യമിടുന്നത്. ഗുണഭോക്താവിന്റെകൂടി സഹകരണത്തോടെ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇ.എം.എസ് ഭവന പദ്ധതിക്കുള്ള പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശ ഉത്തരവ് പുറപ്പെടുവിച്ച ശേഷം 7 സർക്കുലറുകളും 18 ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഇ. എം. എസ്. ഭവന നിർമ്മാണ പദ്ധതി

166 (1636) ശ്രീ. ടി. പി. കുഞ്ഞുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവനനിർമ്മാണപദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നു ; ലിസ്റ്റ് സഹിതം മുൻഗണനാക്രമത്തിൽ പൂർണ്ണവിവരം വ്യക്തമാക്കുമോ ;

(ബി) ഇ. എം. എസ്. ഭവനപദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടല്ലാതെ ബഹുനിലമാളികയ്ക്കും, വീട് വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുംടി പദ്ധതി വിഹിതം ഉപയോഗിച്ച് നടത്തിയ നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർമ്മാണങ്ങൾക്ക് പെർമിറ്റ് അനുവദിച്ച ഉദ്യോഗസ്ഥന്മാർ ആരൊക്കെ ; നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തിയവരെ സർവ്വീസിൽ നിന്ന് മാറ്റിനിർത്തി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) നിയമവിരുദ്ധമായി പ്രസ്തുത പദ്ധതിയുടെ പേരിൽ നടത്തിയ നിർമ്മാണങ്ങൾക്കുള്ള അനുമതി നിഷേധിക്കാനും, നിയമവിരുദ്ധമായി പദ്ധതിയിൽ ഉൾപ്പെട്ടവർ എങ്ങനെ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ കടന്നുകൂടി എന്നന്വേഷിക്കാനും നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനർഹർ ലിസ്റ്റിൽ കടന്നുകൂടി തരപ്പെടുത്തിയ ആനുകൂല്യങ്ങൾ പലിശ സഹിതം തിരിച്ചുപിടിക്കാനും, അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റാനും നടപടി സ്വീകരിക്കുമോ ;

(ഇ) അനർഹരിൽ നിന്നും തിരിച്ചുപിടിക്കുന്ന തുക ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി പ്രകാരം അർഹരായ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് നൽകാനും മാതൃകാപരമായി പദ്ധതി പൂർണ്ണതയിൽ എത്തിക്കാനും സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് തിരുവനന്തപുരം ജില്ലാകളക്ടറുടെ 10-3-2010-ാം തീയതിയിലെ 8/10 ഇ.എം.എസ്.സി.സി/ റ്റി.വി.പി.എം. നമ്പർ ഉത്തരവ് പ്രകാരം ജനറൽ വിഭാഗത്തിൽ ഭവനരഹിതരായ 500 പേരുടെയും പട്ടികജാതി വിഭാഗത്തിൽ ഭവനരഹിതരായ 172 പേരുടെയും ഉൾപ്പെടെ 672 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് ലഭിച്ചിട്ടുള്ളതാണ്. മുൻഗണനാക്രമം വ്യക്തമാക്കുന്ന ലിസ്റ്റിന്റെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(ബി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യങ്ങൾ ഒന്നുംതന്നെ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ വിഹിതം ഉപയോഗിച്ച് നടത്തിയിട്ടുള്ള എല്ലാ നിർമ്മാണങ്ങൾക്കും പഞ്ചായത്ത് 40m² അധികരിക്കാതെ പെർമിറ്റ് നൽകിയിട്ടുള്ളതും, ആദ്യ ഗഡു കൊടുക്കുന്നതിന് മുമ്പായി പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി. ഓവർസീയറിൽ നിന്നും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ വ്യക്തമാക്കിക്കൊണ്ടുള്ള ടെക്നിക്കൽ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളതുമാണ്. ബഹുനിലമാളികകൾക്കോ വീടിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോ പെർമിറ്റ് നൽകിയിട്ടില്ല.

(സി) നിയമ വിരുദ്ധമായി നിർമ്മാണ പ്രവൃത്തികൾ നടത്തിയതായോ അനർഹരായവർ ഗുണഭോക്തൃലിസ്റ്റിൽ കടന്ന് കൂടിയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) അനർഹർ ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായോ അനധികൃതനിർമ്മാണം നടന്നതായോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ നടന്ന ക്രമക്കേട്

167 (1637) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ ക്രമക്കേട് നടന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly